# ധർമ്മസൂര്യൻ
(ഖണ്ഡകാവ്യം)
(1998)

## ഒന്ന്

ഒരു വൈരവുമുണ്ടായിരുന്നില്ലെങ്കിൽക്കൂടി–
യൊളിയമ്പെയ്തൂ കൊന്നൂ നിന്നെയോ ഞാനോ ജീവ[1] ?
മാനിറച്ചിക്കായ്പ്പിന്നീടമ്പെയ്തു നീയോ, കാലിൽ
പ്രാണവേദന പൊട്ടി മൃതനായവൻ ഞാനോ?[2]
അല്ലെങ്കിൽ, സുദാമാവിൻ പവിത്രസ്മൃതി തിര–
തല്ലിടും പുരിയിങ്കൽ പുനർജ്ജാതനെൻ ചുണ്ടിൽ
തുടിക്കാനെന്തേ രാമനാമം ഞാനറിയാതെ,
മിടിക്കാനെന്തേ കർമ്മണ്യേവ മാമകചിത്തം?
ഉത്തരമില്ലീ ശങ്കയ്ക്കെങ്കിലുമന്വേഷിച്ച
സത്യത്തെക്കണ്ടേൻ ബിർളാമന്ദിരസായാഹ്നത്തിൽ[3]
നിന്റെ കൈത്തോക്കെൻ നശ്വരതയെപ്പിളർന്നപ്പോ–
ളെന്റെ ജീവനു മുക്തിഗോപുരം തുറന്നപ്പോൾ:
അമ്പുകളെയ്യുന്നതേ പാപമാണെ,ന്നാലൊളി–
യമ്പുപോലൊടുങ്ങാത്ത പാപമില്ലൊന്നും വേറെ!

## രണ്ട്

‘‘ഇതാർക്കേതു മുഹൂർത്തത്തിലുണ്ടായിത്തീർന്ന നൊമ്പരം?’’
സാകൂതം ഭാവിചോദിപ്പൂ; ഭൂതം പറവിതുത്തരം:
തോക്കുമായ് വന്ന പാശ്ചാത്യരയഃകാരാഗൃഹത്തിലോ
പല നൂറ്റാണ്ടടച്ചിട്ടൂ ഭാരതാംബയെ നിർദ്ദയം?
ജീവികാന്വേഷകന്മാരായ് പുറത്തലയുമുണ്ണികൾ
വെടിപ്രദർശനം കണ്ടു വിസ്മയത്താൽപ്പകച്ചുവോ?
കുമാരി കേദാർ ബദരി കാശിരാമേശ്വരങ്ങളും
ബോധിപ്പിക്കുന്നതെന്താണു വൈദികാമരഭാഷയിൽ?
തോക്കിൻ ഗുമസ്തന്മാരായി ച്ചുറ്റിത്തിരിയുമുണ്ണികൾ
കേട്ടില്ല കാരാമൗനത്തിൽ തുളുമ്പും മാതൃഗദ്ഗദം.[4]
സുദാമാവിന്റെ ചരിതം സദാഗതിയിലിപ്പൊഴും
നിലനിർത്തുന്ന കുമ്മായവെണ്മാടത്തിൻ വിനീതിയിൽ
കരിങ്കൽത്തറയിൽപ്പോർബന്തറിലന്നൊരു ശൈശവം
മുട്ടോളം നീണ്ട കൈയോടെക്കൂറ്റൻചെവികളോടെയും
ജാതമായീ; കർമ്മചന്ദ്രനെന്നാശ്ശിശുവിനെജ്ജനം
വിളിച്ചപ്പോളെഴുന്നേറ്റുനിന്നാനാശ്ശിശു നിർഭയം.
അമ്പില്ല,വാളില്ല, തോക്കില്ല,സ്സുദീർഘകരങ്ങളിൽ;
അവന്റെ കൂറ്റൻചെവികളകലെക്കേട്ടു ഗദ്ഗദം;
അവൻ ചെന്നൂ കാരിരുമ്പുകവാടങ്ങളിൽ മുട്ടുവാൻ:
‘കേഴുന്നതെന്തിനാണമ്മേ, പറയൂ ദുഃഖകാരണം;
ഞാനമ്മതൻ പിഞ്ചുമകൻ സത്യംതേടി വരുന്നവൻ.’’
അമ്മചൊല്ലീ, ‘‘വിദേശീയരാമം വെച്ചിഗ്ഗുഹയ്ക്കകം
എന്നെത്തളച്ചിരിക്കുന്നു മകനേ, കാണ്മതില്ലയോ?

കയ്യുംകാലുമനങ്ങാതിസ്സാമ്രാജ്യത്വത്തുറുങ്കിൽ ഞാൻ
കിടപ്പൂ, കുതറുന്നില്ല, കുതറിക്കൂട ഞാൻ സ്വയം.
സ്വയം കുതറി ഞാനെങ്കിൽ സ്വർഗ്ഗം കൂടിത്തകർന്നുപോം;
മുക്തിക്കെൻ ഗർഭപാത്രത്തിലെത്തണം ദേവയോനിയും!''
''ഹരേ,രാമ, ഹരേ,രാമ,'' മന്ത്രിച്ചൂ ശിശു തൽക്ഷണം;
പൊട്ടിത്തെറിച്ചൂ തടവിൻ പൂട്ടാ മന്ത്രണശക്തിയാൽ;
അകന്നു പിൻവാങ്ങിനിൽപ്പൂ കവാടങ്ങൾ പൊടുന്നനെ.
അമ്മതൻ പാദത്തിൽ വീണു നമിക്കുന്നൂ സ്വയം മകൻ,
''ഹരേ, രാമ, ഹരേ, രാമ,'' മന്ത്രിപ്പൂ ശിശു പിന്നെയും;
ആമങ്ങളുരുകിപ്പെട്ടെന്നെണീറ്റാളമ്മ സസ്മിതം.
മകനേറ്റു നെറുകയിൽച്ചുട്ടുപൊള്ളുമനുഗ്രഹം,
ഇറ്റിവീഴുന്ന തൻമാതൃവാത്സല്യം, നിത്യശീതളം:
''യദൃച്ഛയാ കർമ്മചന്ദ്രനായതല്ലുണ്ണി; മേലിൽ നീ
മനുഷ്യവർഗ്ഗത്തിനാകെദ്ധർമ്മസൂര്യനുമായ്‌വരും''

# മൂന്ന്

''ഇതിഹാസോചിതം താനീ പ്രതീകാത്മകസംഭവം;
അതൊന്നു വിവരിച്ചെന്നെദ്ധരിപ്പിച്ചീടണം ഭവാൻ.''
ഭാവിയിങ്ങനെ കെഞ്ചുമ്പോളനങ്ങാതെയിരിക്കുവാൻ
കഴിയാബ്ഭൂതകാലത്തിൻ വിനയം ചൊൽവൂ സസ്പൃഹം,
''ആയിരം നാവുള്ളവന്നുമശക്യം വിവരിക്കുവാൻ
കൃതത്രേതദ്വാപരങ്ങളാവാഹിച്ച മഹസ്സിനെ,
കലിയിൽ സമ്പൂർണ്ണമുക്തി കൈവരിക്കുന്ന ജീവനെ;
എങ്കിലും ഞാൻ ശ്രമിക്കാം: നിൻ കൃപയാൽ ജീവകോടികൾ
തേടുന്നതീ മാതൃകതന്നവധാരണമാവണം,
മനസ്സൂത്രത്തുളയിലൂടാ മഹാത്മാവിലേക്കു ഞാൻ
പ്രവേശിപ്പിക്കയാം നിന്നെ,ക്കേട്ടാലും നീയനുക്രമം.''

# നാല്

''ഒരിറക്കു ജലം തന്നവനെ നീ സൽക്കരിയ്ക്കണം
മിഷ്ടാന്നത്താൽ; പുഞ്ചിരി നൽകിയാൽ കാൽക്കൽ നമിയ്ക്കണം;
ഒരു കാശിന്നൊരു വരാഹൻ നീ തിരികെ നൽകണം,
ജീവൻ രക്ഷിച്ചവന്നായിജ്ജീവൻപോലും ത്യജിയ്ക്കണം,
ജ്ഞാനിയാം ബുദ്ധിമാനിമ്മട്ടല്ലോ വാക്കിൽ പ്രവൃത്തിയിൽ:
പത്തിരട്ടി പ്രതിഫലം ലഘുവാമുതവിയ്ക്കു മേ!
എന്നാൽ മഹാത്മാവേകുന്നു തിന്മയ്ക്കും നന്മ സാദരം!''
ഗുജറാത്തിപ്പാഠമാലയിലെയിഗ്ഗാനമാധുരി
ആകർഷിച്ചു ചെറുപ്പത്തിൽ കർമ്മചന്ദ്രപ്രശാന്തിയെ.
കൈയിലെക്കാലശകലത്തിന്മേൽ ജിജ്ഞാസ ചെയ്കയായ്
പരീക്ഷണം; കാലമമ്പരന്നുനിന്നതു കാണവേ
കർമ്മചന്ദ്രൻ മഹാത്മാവായ് വളരുന്നു ദിനംപ്രതി
സ്വയം പറഞ്ഞുപോയ് കാലം; ''ധർമ്മസൂര്യനിതല്ലയോ?''
കയ്യിൽക്കിട്ടിയ കാലത്തെപ്പരീക്ഷിയ്ക്കാത്തനമ്മളോ,
ഇരുകാലിലഹങ്കാര തമസ്സിൽക്കേഴുമന്ധരും!

## അഞ്ച്

പ്രതീചിയിൽക്കടലിരമ്പുന്നതും കേട്ടു നിൽക്കയാം
പ്രാചിയിൽ ചക്രവാളത്തിൽ ബദ്ധമാം കൺകളോടെ ഞാൻ.
വീട്ടിന്റെ കുമ്മായനിലാമുറ്റത്തസ്വസ്ഥചിത്തനായ്
നില്പാണെട്ടാം വയസ്സുള്ളിൽ തുള്ളിച്ചാടുന്ന കുട്ടി ഞാൻ.
മൂടിക്കെട്ടിയ മാനത്തു നിമിഷത്തിന്റെ വിള്ളലിൽ
തെളിഞ്ഞേക്കാവുന്ന കർമ്മസാക്ഷിയെക്കാത്തുനിൽക്കവേ
പൂണുനൂലിൽക്കുരുങ്ങും കൈ വിരൽമാത്രം ചലിപ്പിതോ?
എട്ടൊമ്പതായീ പത്തായീ മണി, കാണ്മീല സൂര്യനെ,
കാണുംവരേക്കിന്നുമമ്മ കുടിക്കാ പച്ചവെള്ളവും.
ചാതുർമ്മാസ്യമനുഷ്ഠിപ്പൂ മച്ചിലെന്നമ്മ രോഗിണി;
''ഉദിച്ചൂ സൂര്യ''നെന്നുച്ചമാർക്കാൻ മോഹിച്ചു നിൽപ്പൂ ഞാൻ.
വീട്ടിൻനിലവറക്കുണ്ടിൽ ജലസംഭരണിക്കകം
കുളിർത്ത ശുദ്ധിയെന്നോണം തുളുമ്പീടാതെ നിൽപ്പൂ ഞാൻ.[5]
തളത്തിൽനിന്നു കേൾക്കുന്നതച്ഛൻതൻ ഗീതവായന;
ചാതുർമ്മാസ്യമനുഷ്ഠിപ്പൂ മച്ചിലെന്നമ്മ രോഗിണി,
ജലപാനംപോലുമില്ലാതനേകദിവസങ്ങളായ്
അനുഷ്ഠിക്കുകയാണമ്മ തളർന്നിട്ടും മഹാവ്രതം.
'ഇന്നെങ്കിലും സൂര്യനാരായണൻ പ്രത്യക്ഷനാവണേ,''
ഇമപൂട്ടിക്കൈകൾകൂട്ടി പ്രാർത്ഥിച്ചുംകൊണ്ടു നിൽപ്പുഞാൻ.

## ആറ്

ഹൈസ്ക്കൂളിൽച്ചേർന്ന കൊല്ലത്തിൽ കേട്ടെഴുത്തു പഠിപ്പു ഞാൻ;
പെട്ടെന്നിതാ കേറിവന്നു മുറിയിൽപ്പരിശോധകൻ.
അദ്ദേഹത്തെ സ്വീകരിച്ച ഗുരു ഞങ്ങളൊടോതിനാൻ,
''[6]കെറ്റിലെന്ന പദം സ്ളേറ്റിലെഴുതീടുവിനേവരും.''
അക്ഷരപ്പിഴയാർക്കൊക്കെപ്പറ്റുന്നുണ്ടെന്നു നോക്കുവാൻ
കുട്ടികൾക്കിടയിൽക്കൂടി നടന്നൂ പിന്നെയാഗ്ഗുരു.
എന്നടുത്തെത്തവേ ബൂട്സാൽ നിലത്തെന്തോ കുറിച്ചതും
കണ്ടൂ ഞാ,നെങ്കിലും കാര്യം ഗ്രഹിച്ചില്ലെന്റെ ശുദ്ധത.
അക്ഷരത്തെറ്റു വന്നില്ല കൂട്ടുകാർക്കാർക്കുമെങ്കിലും
എന്റെ കെറ്റിലിലെച്ചോർച്ചയവർക്കു പരിഹാസ്യമായ്.
പരിശോധകനപ്പോഴേക്കിറങ്ങിപ്പോക കാരണം
ഗുരു ഗൗരവനിർമ്മുക്തനെന്നൊടാരാഞ്ഞു സസ്മിതം,
''തന്നില്ലയോ കോപ്പിയടിയ്ക്കുക നീയെന്ന സൂചന?
മനസ്സിലാക്കീലതു നീ,യെന്തു പമ്പരവിഡ്ഢി നീ!''
മിണ്ടാൻ കഴിഞ്ഞില്ലെനിയ്ക്കു പെട്ടെന്നതിനൊരുത്തരം:
മാതൃകാഗുരുവോ വ്യാജം പഠിപ്പിക്കുന്നു ശിഷ്യനെ?

## ഏഴ്

ആയിടെത്തന്നെയാണച്ഛൻ മേടിച്ചവയിൽനിന്നു ഞാൻ
ഒരു ഗ്രന്ഥം കണ്ടെടുത്തു ശ്രവണൻതൻ കഥാമൃതം.
അപ്പൊഴേയ്ക്കൊരു നാടോടിനാടകം കണ്ടു നാട്ടിൽ ഞാൻ:

ശ്രവണൻതൻ ചരിത്രം സമ്പൂർണ്ണമായാസ്വദിച്ചു ഞാൻ.
തീർത്ഥയാത്രയ്ക്കായ് ശ്രവണനന്ധമാതാപിതാക്കളെ
കാവിന്മേലേറ്റിച്ചുമന്നു പോവും പോക്കെത്ര സുന്ദരം!
ശ്രവണൻ മൃതനായപ്പോളവൻതന്നച്ഛനമ്മമാർ
വിലപിച്ചതു സംഗീതമായീ മൽശ്രവണങ്ങളിൽ.
അച്ഛൻ കനിഞ്ഞു മേടിച്ച തന്ത്രീവാദ്യത്തിലാദ്യമായ്
വിരലോടീടവേ, കേട്ട പാട്ടു വായിച്ചിരിപ്പൂ ഞാൻ.
മുഴങ്ങീ പെട്ടെന്നു മമ ഹൃത്തിലെഗ്ഗാനവൈഖരി,
''പകർത്തും ഞാനെന്നിലേക്കീ ശ്രവണൻ തന്ന മാതൃക!''

# എട്ട്

ഭഗന്ദരമഹാരോഗം പിടിച്ചച്ഛൻ മുറിയ്ക്കകം
മരപ്പലകമേൽ നീണ്ടു കിടന്നൂ വിഷമിക്കവേ
വിറക്കോലും വലംകയ്യാൽ വാതിലുന്തിത്തുറന്നു ഞാൻ
അരിച്ചരിച്ചകം പൂകിത്തലകുമ്പിട്ടു നിൽക്കവേ
പതിനഞ്ചേ വയസ്സായിട്ടുള്ളുവെങ്കിലുമെന്മനം
പ്രപഞ്ചദുഃഖം മുഴുവൻ നേരിട്ടനുഭവിക്കയോ?
പോയ നാൾകളിലെന്തൊക്കെ മഹാപാപങ്ങളാണു ഞാൻ
കളിച്ചങ്ങാതിയോടൊത്തു ചെയ്തതെന്നോർക്കവയ്യ മേ.
സിഗററ്റുവലിച്ചുംകൊണ്ടമ്മാമൻ ഗമ കാട്ടവേ
എനിക്കും വേണമസ്സൗഖ്യമെന്നു മോഹിച്ചുപോയി ഞാൻ.
'പുകവായിൽസ്സംഭരിച്ചിട്ടൂതും വായുവിലേക്കു ഞാൻ'
എന്നു ഞാനെന്നോടു തന്നെവീമ്പടിച്ചൂ പലപ്പൊഴും
ശരി, പക്ഷേ, കിട്ടിയില്ലന്നൊരൊറ്റസ്സിഗററ്റുമേ.
വന്നുവീണില്ലെൻ മടിയിലന്നരക്കാശുപോലുമേ.
ഒടുവമ്മാമന്റെയെച്ചിൽസ്സിഗററ്റിന്റെ കുറ്റികൾ
എടുത്തു വായിൽത്തിരുകിത്തീക്കൊളുത്തുകയായി ഞാൻ.
വേണ്ട നേരത്തതും കിട്ടാനില്ലാതെ വിഷമിയ്ക്കയാൽ
അതിലും ചീത്ത ദുർവൃത്തിപോലും ചെയ്യുകയായി ഞാൻ.
കട്ടെടുക്കുകയാണത്യാവശ്യം വേണ്ടുന്ന ചില്ലറ
ഭൃത്യരീട്ടംകൂട്ടിവെച്ച പൊതികൾക്കുള്ളിൽനിന്നു ഞാൻ.
കട്ടെടുക്കാവുന്ന തുക നന്നെച്ചെറിയതാകയാൽ
സിഗററ്റിന്നു പകരം ബീഡി വാങ്ങിപ്പുകയ്ക്കയായ്.
പാവങ്ങളാം ഭൃത്യരുടെയരുമപ്പണമല്ലയോ
ഒഴിഞ്ഞ മൂലയിൽച്ചെന്നു പുകച്ചുംകൊണ്ടിരിപ്പൂ ഞാൻ!
ഇതിലേറെ ക്രൂരമായിപ്പാരിലെന്തുള്ളൂ പാതകം?
ജീവിച്ചിരിയ്ക്കേണ്ട മേലിൽ; ചാവാനെന്തുള്ളൂ കൗശലം?
ഉമ്മത്തിൻകായ ഭക്ഷിച്ചാൽ ചാവുമെന്നോർമ്മവന്ന നാൾ
കുളിച്ചുകോവിലിൽച്ചെന്നൂ നെയ്‌വിളക്കു കൊളുത്തുവാൻ!
വിളക്കുവെച്ചു കൈകൂപ്പി ക്കണ്ണടച്ചേറെ മാത്രകൾ
രാംജിക്ഷേത്രത്തിൽ നില്ക്കുന്നു ഞാനുമെൻ കൂട്ടുകാരനും.
പുറത്തു വന്നിട്ടേകാന്തസ്ഥലത്തെത്തേണ്ട താമസം
ഉമ്മത്തിൻ കുരുതിന്നുന്നു രണ്ടുപേരും തെരുക്കനെ.
രണ്ടോ മൂന്നോ കുരു വിഴുങ്ങുമ്പൊഴേയ്ക്കുഗ്രഭീതിയാൽ
കാട്ടിലേയ്ക്കെറിവൂ ശിഷ്ടം ഞാനോ, എൻ കൂട്ടുകാരനോ?
ആരായാലെന്താ,ത്മഹത്യോദ്യമത്തിന്റെ പരാജയം
മോചിപ്പിപ്പൂ പുകവലിപ്രാന്തിൽനിന്നിരുപേരെയും.
എങ്കിലും ബീഡി മേടിച്ചകടക്കാരന്നെഴും കടം
കടമായ്നിന്നു പിന്നീടുമിരുപത്തഞ്ചുറുപ്പിക!

ഒടുവെൻ മാംസഭുക്കായചേട്ടൻതൻ സ്വർണ്ണകങ്കണം
മുറിച്ചു കഷ്ണംവിറ്റല്ലീനേടീ ഞാൻ ഋണമോചനം?
എന്നാൽ അന്നുമുതൽക്കെന്റെഹൃദയത്തിലെ നൊമ്പരം
ഉറക്കമില്ലായ്മയായിവികസിയ്ക്കുന്നതെന്തിനോ?
ചെയ്യില്ലൊരിക്കലും മേലിൽചെയ്യില്ലിപ്പാപമെന്നു ഞാൻ
എന്നോടുതന്നെശ്ശപഥം ചെയ്തിട്ടും    ശാന്തിയില്ല മേ.
അച്ഛന്റെയരികിൽച്ചെന്നു തുറന്നു പറയട്ടെ ഞാൻ,
ചെയ്തതൊട്ടുക്കെണ്ണിയെണ്ണിപ്പറഞ്ഞു കരയട്ടെ ഞാൻ;
ശരി, പക്ഷേ, നാവനങ്ങില്ലച്ഛന്റെ നികടത്തിൽ മേ:
‘‘എഴുതിക്കൊണ്ടുപോയേയ്ക്കാം പറയാനുള്ളതത്രയും!’’
ഇന്നതെല്ലാം തേട്ടിടുന്നൂ ഹൃദയത്തിന്റെ തൊണ്ടയിൽ;
തടയപ്പെട്ടുപോകുന്നൂ ശ്വാസം കണ്ണീരൊഴുക്കിനാൽ.
അപ്പൊഴേക്കച്ഛനെഴുന്നേറ്റിരിപ്പൂ വിഷമത്തൊടെ;
ഞാൻ കൊടുത്ത കുറിപ്പിന്മേൽ പൊഴിഞ്ഞിടുന്നു കണ്ണുനീർ.
കണ്ണുനീർക്കുത്തുകൊണ്ടിപ്പോളെനിക്കും കാഴ്ച മങ്ങിയോ?
രാംജിയെത്തന്നെയോ കാണ്മതച്ഛൻതൻ കട്ടിലിന്നുമേൽ?
‘‘രാമബാണം തന്നെയല്ലോ പ്രേമമേ, നിൻ തരംഗിണി,
ഏതിനാണധികം മൂർച്ച? ഓതുവാൻ വയ്യൊരുത്തനും!’’

## ഒമ്പത്

‘‘മുത്തച്ഛനച്ഛനും രാജകോട്ടിൽസ്സചിവരായവർ;
ബിലാത്തിയിൽപ്പോയി ബാരിസ്റ്ററായ്ത്തീരേണ്ടു മോഹനൻ,’’
മട്രിക്കുലേഷൻ ജയിക്കെ പ്രോത്സാഹിപ്പിച്ചു നാട്ടുകാർ;
പഴവന്മാരെതിർത്തൂ, ‘‘ഭ്രഷ്ടനാവും കടൽ താണ്ടിയാൽ.’’
എന്നെപ്പിരിഞ്ഞാൽക്കസ്തുരികാറ്റിൽപ്പോലലിയില്ലയോ?
അവളും ഞാനും വയസ്സു പതിമൂന്നിലിണങ്ങിയോർ!
സമന്ത്രമേഴു ചുവടാലൊന്നായിത്തീർന്ന ലജ്ജകൾ,
മൂന്നാണ്ടെങ്ങനെ ജീവിയ്ക്കുംസാധ്വീ? എൻ കൊച്ചുപൈതലും?
എന്നാലുപരിവിദ്യാർത്ഥിധർമ്മം പാലിപ്പതിന്നുടൻ
ഞാനുദ്യമിയ്ക്കെത്തടസ്സം നിന്നില്ലാ പതിദേവത!
എത്ര നോവിച്ചതാണെൻ ഭർത്തൃത്വമാസ്സുമനസ്സിനെ?
എന്നിട്ടും പൈതലെപ്പൂണ്ടു വാതിൽക്കൽച്ചാഞ്ഞുനിന്നവൾ
ആശീർവ്വാദസ്മിതംമാത്രം പൊഴിയ്ക്കെ,പ്പൈതലിന്നു ഞാൻ
മൃദുചുംബനമർപ്പിയ്ക്കെക്കേണതാര്? അവളല്ല, ഞാൻ!
പിന്നിൽനിന്നമ്മ യാചിച്ചു, ‘‘സത്യം ചെയ്തിട്ടു പോക നീ:
തൊടില്ല മദ്യം മാംസം ഞാൻ, പരസ്ത്രീയെത്തൊടില്ല ഞാൻ’’.

## പത്ത്

ബിലാത്തിയിൽക്കഴിയവേ, കണ്ടൂ ഞാനൊരു സംഭവം.
പുരോഹിതനൊടുച്ചത്തിൽസ്സംസാരിക്കുന്നു നാസ്തികൻ:
‘‘നിങ്ങൾ ഈശ്വരനുണ്ടെന്നു വിശ്വസിപ്പവനല്ലയോ?’’
‘‘അതേ’’ ‘‘ശരി, ഭവാൻ ഞാനും നിവസിക്കുന്ന ഭൂതലം
ഇരുപത്തയ്യായിരം നാഴിക ചറ്റളവല്ലയോ?’’
‘‘അതേ’’ ‘‘ചൊൽകീശന്റെ പരിമാണം നീ, വാഴ്വതെങ്ങവൻ?’’
‘‘ഉൾക്കണ്‍ തെളിഞ്ഞാൽ കണ്ടെത്താം നിന്നിലെന്നിലുമീശനെ.’’

''എന്നെപ്പൂച്ചക്കുട്ടിയായിക്കരുതാതെയിരിക്കണം!''
പിന്നെ നാസ്തികനോടൊന്നും മിണ്ടിയില്ലാ പുരോഹിതൻ:
ഭാഷയേക്കാൾ ശക്തമല്ലോ മൗനമെന്നന്നറിഞ്ഞൂ ഞാൻ!

## പതിനൊന്ന്

ഇംഗ്ലണ്ടിലെക്കപ്പൽ മുംബയിലെക്കോപിച്ച ബന്തറിൽ,
കരപറ്റാൻ ബോട്ടി,ലോട്മീൽക്കഞ്ഞിയാണെന്റെ കൈകളിൽ.
തുളുമ്പും തുള്ളികളുടുപ്പെല്ലാം മലിനമാക്കവേ
കണ്ടേൻ കരയിൽ നിൽപ്പുണ്ടെന്നേട്ടനും നാട്ടുമുഖ്യരും.
ഉദ്ധരിപ്പീല കരളിൽ ക്കടയും ശങ്ക ചുണ്ടുകൾ:
അമ്മ,യെന്നുണ്ണി, കസ്തൂരി, മൂന്നാൾക്കും സുഖമല്ലയോ?
പ്രശാന്തനായേട്ടനോതീ, ''പൊറുക്കുക സഹോദര,
അമ്മ വൈകുണ്ഠത്തിലാണതെ,ഴുതീല നിനക്കു ഞാൻ.''
കാതടഞ്ഞൂ, കണ്ണടഞ്ഞൂ, ചെയ്തു ഞാനുദകക്രിയ.
''പാലിച്ചേൻ ചെയ്ത സത്യം ഞാനെന്നമ്മേ! നന്ദി ദൈവമേ!''
അടുത്തു നില്ക്കും മാന്യന്റെ ചുണ്ടിൽത്തത്തിയ വാക്കുകൾ
കൊത്തിവെച്ചേൻ കരളിലീ മുക്താനന്ദന്റെ[7] ഗീതകം:
''കളിയിൽച്ചിരിയിൽസ്സർവ്വപ്രവൃത്തിയിലുമീശ്വരൻ
വിളങ്ങിയാൽ സഫലമെൻ ജന്മമെന്നറിയുന്നു ഞാൻ:
സ്വജീവിതത്തിലെസ്സംഭവങ്ങളെക്കോർത്തിണക്കുവാൻ
ഉണ്ടായ ചരടാകുന്നു മുക്താനന്ദന്നു ജീവിതം''!

## പന്ത്രണ്ട്

നെറ്റാളിലേക്കു നീങ്ങുന്ന കപ്പലിൻ തട്ടിൽ നിൽപ്പൂ ഞാൻ,
മുഴുപ്പാശ്ചാത്യവേഷത്തിൽ ബർദ്വാനിലഭിഭാഷകൻ.
അപരിഷ്കൃതയെൻ പത്നി, ഞാനോ ബഹുപരിഷ്കൃതൻ,
അവൾക്കോലും പരിചയക്കുറവീ ഞാൻ നികത്തണം!
പാശ്ചാത്യസമ്പ്രദായത്തോടെനിയ്ക്കുണ്ടന്നതിപ്രിയം;
ഹൃദിസ്ഥമതെനിയ്ക്കെന്നൊരഹങ്കാരവുമില്ലയോ?
ഗുജറാത്തിബ്ബണിയരായെൻ കുടുംബം ചുരുങ്ങിയാൽ
അതെനിയ്ക്കു സഹിയ്ക്കാവതായിരുന്നില്ല നിർണ്ണയം!
അവൾക്കു ഗുരു ഞാനെന്നഭാവത്തിൽപ്പെരുമാറി ഞാൻ;
കപ്പൽകേറും മുമ്പവളെപ്പാർസിവേഷത്തിലാക്കി ഞാൻ.
ഞാനിച്ഛിപ്പതു നേരത്തേ കണ്ടനുഷ്ഠിച്ചുപോരണം!
അതേമോഹിച്ചുള്ളൂ പത്നിയാസ്തിക്യത്താലചഞ്ചല!
പാപ്പാസിനാൽക്കാൽവിരൽത്തോലരങ്ങിയതുകാരണം
നീരും നോവും വന്നു പത്നി വിഷമിച്ചു നടക്കവേ,
വേർപ്പാൽച്ചളി മണക്കുന്ന കണങ്കാലുറതൻ ചുളി
നെറ്റിച്ചുളികളായ്ത്തീർന്ന മക്കൾ മൗനം ഭജിക്കവേ,
കത്തിയും മുള്ളുമായ് മേശയിന്മേൽച്ചാഞ്ഞൂൺ കഴിയ്ക്കവേ
സഹതാപാൽ ഞാനവരെ നോക്കിനിന്നു പലപ്പൊഴും.
ഭാഗ്യത്താൽക്കപ്പൽയാത്രക്കാർ പലരും ഗുജറാത്തികൾ;
ആ വിചാരം കുടുംബത്തെയാശ്വസിപ്പിച്ചിരിക്കണം.
വഴിത്തുറമുഖത്തൊന്നുമടുക്കാതവിരാമമായ്
നെറ്റാളിലേക്കു പായുമ്പോൾ പതിന്നാലാമതന്തിയിൽ
ഇനി നാലേ വേണ്ടതുള്ളൂ കപ്പലിൽസ്സൂര്യദർശനം

എന്നാശ്വസിക്കുമ്പൊഴേക്കും കൊടുങ്കാറ്റിന്റെ ഭീഷണി!
വിറയ്ക്കുന്നു കപ്പലിലെ ക്കൊച്ചുപൈതങ്ങ,ളമ്മമാർ,
ഇതു നിസ്സാരമെന്നാദ്യം ഭാവിച്ച ഗൃഹനാഥരും.
അന്യോന്യസംഭാഷണങ്ങൾ ചുണ്ടനക്കങ്ങളാകവേ
പിണ്ഡീഭവിയ്ക്കയായ് ശ്രദ്ധ യോരോകാലടിവെപ്പിലും.
കിതക്കുന്നു വയസ്സന്മാർ കരയാറായ മാതിരി,
വിറക്കൊള്ളുന്നു പൈതങ്ങൾ നീങ്ങാത്ത നിമിഷങ്ങളിൽ
എപ്പൊഴും പ്രാർത്ഥനാഭാവപ്രബുദ്ധേക്ഷണയാകയാൽ
ഇപ്പൊഴും ശാന്തയെൻ പത്നി ചെയ്വൂ സ്വന്തം പ്രവൃത്തികൾ
കൈകൂപ്പിനിന്നേ പ്രാർഥിക്കൂമവളെച്ചുറ്റിനിൽക്കയാം
ഹിന്ദുവും മുസൽമാനും ക്രിസ്ത്യാനിയും ഭയബദ്ധരായ്.
കപ്പിത്താനും വന്നു കൂട്ടപ്രാർത്ഥനാലീനചിത്തനായ്;
ഒറ്റ ദൈവത്തിന്റെ മക്കളായിമാറുന്നു സർവ്വരും
വിവരിക്കുന്നു കപ്പിത്താനൊടുവിൽ സ്നേഹമൂർത്തിയായ്:
''ഇതിലേറെ ബ്ഭീഷണമാംകൊടുങ്കാറ്റെത്ര കണ്ടൂ ഞാൻ!
ഭയപ്പെടേണ്ടതില്ലാരും; മാറിപ്പോമിപ്പരീക്ഷണം;
ദൈവകാരുണ്യമുണ്ടെങ്കിലിതൊക്കെക്ഷണഭംഗുരം!''
കാറ്റാൽ ഇരമ്പലാൽ ആടിക്കുലുങ്ങുന്ന കുലുങ്ങലാൽ
ഞെട്ടിത്തെറിയ്ക്കയാണോരോ യാത്രക്കാരനുമപ്പൊഴും.
തകർന്നുവോ കപ്പൽ? മുങ്ങിപ്പോയിതോ ഭാവിജീവിതം?
അന്ത്യശ്വാസം മൂക്കുപാലങ്ങളിൽ മുട്ടിയുരുമ്മിയോ?
കസേല, മേശ, പാത്രങ്ങൾ, മർത്യജീവിക,ളൊക്കെയും
ആടിക്കുലുങ്ങിടുകയാണപ്പോഴുമതിഭീഷണം.
''ദൈവമിച്ഛിയ്ക്കുന്നപോലെ വരും!'' ആളുകൾ ചൊൽകവേ
കാളരാത്രി കഴിഞ്ഞപ്പോളൊരാശാകിരണോദയം!
കിഴക്കു വാതായനത്തിൻ നേരെപ്പായുന്നു സർവ്വരും;
ആയിരം കൺകളൊപ്പം ചെന്നുരസിച്ചോന്നു ദിങ്മുഖം.
ഒരു സൂര്യനുണർത്തുന്ന സഹസ്രപ്രതിബിംബമായ്
നവോന്മേഷം തുടുക്കുന്നു മനുഷ്യവദനങ്ങളിൽ.
അധരങ്ങളിലെദ്ദൈവനാമം മെല്ലെയുപാംശുവായ്
എൻ പാതിമെയ്യിന്റെ ചുണ്ടിൽ തുടിച്ചീടുന്നിതപ്പൊഴും:
ഹരേരാമ ഹരേരാമ ഹരേരാമേതിമന്ത്രണം.

## പതിമൂന്ന്

പ്രിട്ടോറിയയിലെ ക്ഷൗരക്കടയിൽച്ചെന്നു ഞാ,നുടൻ
മുടിവെട്ടിത്തരില്ലെന്നാ ക്ഷൗരക്കാരന്റെ ഗർജ്ജനം.
പാശ്ചാത്യദേശത്തു ജാതൻ അവനുത്തമനല്ലയോ?
ഇന്ത്യക്കാരൻ ഞാനധമൻ: കറുത്ത നിറമല്ലയോ?
എതിർഭാഗത്തെക്കടയിൽച്ചെന്നു കത്രിക വാങ്ങി ഞാൻ;
എന്റെ കണ്ണാടിയ്ക്കു മുമ്പിൽ സ്വയം മുടി മുറിച്ചു ഞാൻ.
തരക്കേടില്ല മുൻഭാഗം; പിന്നിലെക്കഥ സംശയം:
പിന്നോട്ടു കണ്ണില്ല മർത്യന്ന,താണെൻ നിസ്സഹായത!
കച്ചേരിയിൽച്ചെന്നുചേർന്നു പതിവിൻപടി പിന്നെ ഞാൻ,
കാണേണ്ടതാമസം പൊട്ടിച്ചിരിപ്പൂ സഹജീവികൾ:
''ഗാന്ധി, നിങ്ങടെ രോമങ്ങൾക്കെന്തു പറ്റീ ഗ്രഹപ്പിഴ?
എലി പറ്റിച്ച പണിയോ?'' ''അല്ലെ''ന്നുത്തരമോതി ഞാൻ.
''വെള്ളക്കാരൻ ക്ഷുരകനു കറുത്ത മുടി വെട്ടിയാൽ
അപമാനം! സ്വന്തരോമം സ്വയം വെട്ടിയൊഴിച്ചു ഞാൻ''.
പെട്ടെന്നില്ലാതെയായ്പ്പൊട്ടിച്ചിരിയും പരിഹാസവും;

നിമിഷം കൊണ്ടന്തരീക്ഷം വലിഞ്ഞു മുറുകീ ഭൃശം.

# പതിനാല്

അസ്വസ്ഥം സുലു, ജോഹാനസ്ബർഗിൽ ഞാനഭിഭാഷകൻ,
മുറിവേറ്റ ഭടന്മാരെശ്ശുശ്രൂഷിക്കാൻ കൊതിപ്പൂ ഞാൻ.
പെട്ടെന്നെനിയ്ക്കോർമ്മ കവി റായ്ചന്ദ്ഭായ് ചൊന്ന വാക്കുകൾ:
''ബ്രിട്ടീഷ്പൗരന്റെയവകാശങ്ങൾക്കായ്പ്പടവെട്ടുവോൻ
ബ്രിട്ടീഷ്സാമ്രാജ്യസംരക്ഷണത്തിന്നും പടവെട്ടണം''.
അതായിരുന്നു മച്ചിന്താഗതി; രൂപീകരിച്ചു ഞാൻ
ഭാരതീയരുടേതായൊരാർത്തത്രാണന സംഘവും.
അഭ്യസ്തവിദ്യരല്ലന്യനാട്ടിൽപ്പോയ് വലയുന്നവർ
എന്മക്കളെൻ പത്നിയും, ഞാനവരെപ്പിരിയാവതോ?
ചീറിപ്പായും തീത്തിരകൾക്കിടയിൽക്കൂടിയെൻ കരം
നീണ്ടു ചെന്നു ഭടന്മാരെത്തുണച്ചീടുന്നുവെങ്കിലും
ഏകാന്തനിർന്നിദ്രരാവിൽ വട്ടംചുറ്റുകയാണിതാ,
ഫിനിക്സിലെക്കുടുംബത്തിൻ മുകളിൽദ്ദീനദീനമായ്
ഇപ്പൊഴും മൽക്കുറ്റബോധം ഫീനിക്സു കിളിമാതിരി;
അതിൻ ചിറകിൽനിന്നൂർന്നു വീഴുന്നൂ ഭസ്മമെൻ ഹൃദി.
എന്നോടുതന്നെ ഞാൻ ചെയ്തു തെറ്റെന്നെന്നോടു ചൊല്ലി ഞാൻ;
മ്ലാനമായ് പ്രക്ഷീണമായെൻ മുഖം കൈകൾ ചലിയ്ക്കിലും.
സമൂഹസേവനംതന്നെഈശ്വരാർപ്പണമെങ്കിലും
അതും സാധിയ്ക്കുവാൻ ബ്രഹ്മചര്യം ഞാൻ കൈവരിയ്ക്കണം!
നശ്വരത്തെ ത്യജിക്കാതെ വയ്യാ നിത്യം ഗ്രഹിക്കുവാൻ;
തന്റെ ഭർത്താവിന്നുവേണ്ടിച്ചായകൂട്ടുന്ന ജോലിയും
മറ്റൊരാൾ ചെയ്തുകൂടെന്നു ശഠിക്കുന്ന പതിവ്രത
മാതൃകായോഗ്യമാം സ്നേഹപ്രതീകം തന്നെയെങ്കിലും
അവൾക്കുപകരം ഭൃത്യനതേ നിഷ്ഠപുലർത്തുകിൽ
അതാവില്ലേ യഥാർത്ഥത്തിൽ സ്നേഹം പരമപാവനം?
കുടുംബബന്ധമത്യന്തം മൃദുലം സൂക്ഷ്മമെങ്കിലും
സ്വാർത്ഥത്യാഗത്തിന്റെ മുമ്പിൽ തടസ്സംതന്നെയായ് വരും.
സാർവ്വലൗകികമാം സ്നേഹം മാത്രം ശുദ്ധം സമുന്നതം;
സുഖലിപ്സവെടിഞ്ഞാലേ കൈവരൂ പുണ്യമമ്പലം.
കർമ്മത്തിലാണധ്യാനത്തിലാണെൻ വിശ്വാസമെപ്പൊഴും:
ആരോചൊൽവിത, സഹ്യം മേ സന്യാസത്തിൻ നിയന്ത്രണം!
എനിക്കു ചിരിപൊട്ടുന്നു പെട്ടെന്നാ,വാക്കിലില്ലയോ
സുഖിയ്ക്കുവാനുള്ള മോഹം സൂക്ഷ്മബീജസ്വരൂപമായ്?
കടിയ്ക്കുമെന്നുറപ്പുള്ള പാമ്പെൻ നേർക്കോടിയെത്തവേ
ഓടും ഞാനെന്നു ചൊല്ലുന്ന യുക്തിയ്ക്കാണെൻ നമസ്കൃതി.
''വരിപ്പൂ ബ്രഹ്മചര്യം നീയിന്നു; പിന്നീടൊരിക്കൽ നീ
വാഴ്വിന്റെ ലക്ഷ്യമേ മാറ്റി പ്രതിഷ്ഠിയ്ക്കുന്നുവെങ്കിലോ?''
എന്നു ചോദിയ്ക്കുന്നു വേറിട്ടൊരഭ്യുദയകാംക്ഷിയും,
മന്ദസ്മിതം പൊഴിച്ചെന്നിൽത്തന്നെ മേവുന്നു മൂകത!
നിഷ്ക്കുലാനന്ദന്റെ മൊഴി പെട്ടെന്നെന്തിനുവേണ്ടി ഞാൻ
സ്മരിപ്പൂ? ''ത്യാഗനടകേ രേ വൈരാഗവിനാ'' ദൃഢം![8]
ആഗ്രഹം മങ്ങിയാലുണ്ടാം വൈരാഗ്യം; അതു നേടിയാൽ
അനുബന്ധവ്രതം സ്വാഭാവികമാണ,നിവാര്യവും.

# പതിനഞ്ച്

സന്നദ്ധഭടസംഘത്തെജ്ജോവറിൽക്കൊണ്ടുചെന്നു ഞാൻ,
മുറിവേറ്റവരെശ്ശുശ്രൂഷിയ്ക്കലായ് ഞങ്ങൾതൻ മതം.
മരണം സംഹാരനൃത്തമാടും സമരഭൂമിയിൽ
പിടഞ്ഞുവീഴുന്ന വെള്ളപ്പട്ടാളത്തെ സ്വമേധയാ
തോളത്തെടുത്തുമാറ്റിക്കൊണ്ടിന്ത്യക്കാർ തുണചെയ്യവേ,
ആരെക്കുറിച്ചന്നുവരെശ്ശത്രുവെന്നു നിനച്ചുവോ,
അവരങ്ങനെയല്ലെന്നു വെള്ളക്കാർക്കൊരു സംശയം!
മുറിവേറ്റ ഭടൻമാരെത്തോളത്തേറ്റിക്കരുത്തൊടെ
നടന്നിതന്നിരുപതും രണ്ടും നാഴിക ഭാരതം.
ചീവ്‌ലിത്താവളമന്വേഷിച്ചാ മട്ടിൽ നടകൊള്ളവേ
നട്ടുച്ചവെയിൽനാളങ്ങൾ ഞരമ്പുകൾ വരട്ടവേ,
തിളങ്ങുന്നൂ വഴിമുറിച്ചൊഴുകും തോടു വെള്ളിപോൽ;
പരിശുദ്ധജലം കാൺകെത്തൊണ്ടയ്ക്കുള്ളിലൊരുത്സവം!
ഇന്ത്യക്കാരൊടു വെള്ളക്കാർ ''നിങ്ങളാദ്യം കുടിയ്ക്കുവിൻ''
ഇന്ത്യക്കാർ ചൊല്ലി:''പാടില്ലാ, നിങ്ങളാദ്യം കുടിയ്ക്കുവിൻ.''

## പതിനാറ്

ഇന്ത്യയെന്നെ വിളിയ്ക്കുന്നു, നാളെക്കേറുന്നു കപ്പലിൽ
മാതൃഭൂവിൻ മടിയിലേയ്ക്കോടിച്ചെല്ലുകയാണു ഞാൻ.
നാളെപ്പറയുമാഫ്രിക്കൻ ഭൂഖണ്ഡത്തൊടു ഞാൻ വിട.
നെറ്റാളിലൊട്ടുക്കിന്ത്യക്കാർ മുക്കിനാരിന്നു ഞങ്ങളെ
സ്നേഹാമൃതത്തിൽ, ഞങ്ങൾക്കായ് പ്രാർത്ഥിക്കും ഹൃദയങ്ങളാൽ.
ചെന്നേടത്തൊക്കെയുണ്ടായ പാരിതോഷികവർഷമോ,
തടഞ്ഞൂ മൽശ്വാസഗതി; ഇതാ മേശപ്പുറത്തവ!
വേട്ടക്കാരൻ നേടിവെച്ച മൃഗശീർഷങ്ങൾ മാതിരി!
വിരോധാഭാസമെന്തെന്നാലിവയെന്റെ മനസ്സിനെ
അനാദ്യന്തവിഷാദത്തിന്നിരയാക്കുന്നു നിർദ്ദയം.
ധ്രുവവും ധ്രുവവും തമ്മിലുള്ള ദൂരം ഗ്രഹിക്കുവാൻ
ഭിത്തിമധ്യത്തിലെദ്ദൂരമളന്നീടുകയാണു ഞാൻ.
ഉറങ്ങുന്നൂ ശാന്തമെന്റെ സഹധർമ്മിണി, മക്കളും;
കിടക്കാതെത്തന്നെ നേരം വെളുപ്പിച്ചേയ്ക്കുമിന്നു ഞാൻ.
രജതം, കാഞ്ചനം, രത്നം, നൂറുസമ്മാനമുണ്ടിഹ;
മുത്തുമാല വിശേഷിച്ചെൻ പത്നിയ്ക്കവർ കൊടുത്തതും.
സേവനത്തെദ്ധനം കൊണ്ടു തുലനം ചെയ്യുമീ ക്രിയ
അസഹ്യമെന്നെങ്ങനെ ഞാൻ കുടുംബത്തോടു ചൊല്ലിടും?
ആദ്യമായിട്ടെന്റെ പത്നിക്കുണ്ടായിത്തീർന്ന ഭൂഷണം
ഉപേക്ഷിയ്ക്കണമന്നെമ്മട്ടവളോടുരിയാടിടും?
സേവനത്തിൻ പ്രതിഫലം സേവനം മാത്രമെന്നു ഞാൻ
ഉപദേശിച്ചതെപ്പോഴും നമ്പിപ്പോന്നവളെൻ പ്രിയ.
അവൾക്കുതന്നെ കൈവന്ന പണ്ടം തട്ടിപ്പറിക്കുവാൻ
എനിയ്ക്കെന്തധികാരം? നിസ്സാരമല്ലീ സ്വമർശനം
എന്നാലതവൾതൻ സ്വത്തെന്നെന്നെബ്ബോധ്യപ്പെടുത്തുവാൻ
അസാദ്ധ്യം: എൻ സേവനത്താലുണ്ടായിത്തീർന്നതാകയാൽ.
ഈ മുഹൂർത്തത്തിൽ ഞാനൽപ്പമുദാസീനത കാട്ടിയാൽ
ഫലകാമനയാൽ ഭാവിപാടേ മലിനമാം ദൃഢം.
അഞ്ചാമതും മുഴങ്ങുന്നൂ ചുമരിൽത്തൂങ്ങിടും മണി;
സോൽക്കണ്ഠം ജനലിൽക്കൂടി നോക്കുന്നു പുലർതാരക.

ഉണർന്നെണീറ്റേർപ്പെടുന്നു നിത്യകർമ്മത്തിലേവരും;
ഞാനപ്പോഴുമളക്കുന്നു ഭിത്തിബദ്ധവിദൂരത!
ഒടുവെന്റെ മനസ്സിന്റെ നരകം വെളിവാക്കവേ
ആവശ്യമില്ല ഞങ്ങൾക്കിദ്ധനമെന്നോതി കുട്ടികൾ.
എങ്കിലും നിർമ്മൂകയായി നിലക്കൊണ്ടൂ കുടുംബിനി
കുറച്ചിട; അതിൽപ്പിന്നെപ്പറയുന്നൂ സയുക്തികം:
‘‘മുത്തുമാലയെനിയ്ക്കായി പ്രത്യേകം തന്നതാകയാൽ
സ്നേഹസ്മരണയായ്സ്സൂക്ഷിച്ചീടുന്നതപരാധമോ?’’
നിൽക്കാത്ത കണ്ണുനീർക്കുത്തിൽ മുങ്ങിപ്പോയാക്കവിൾത്തടം;
എന്നിട്ടുമോതി ഞാൻ: ‘‘മൂലഹേതുവെൻ ത്യാഗമല്ലയോ?’’
ഉടൻ വന്നു ചോദ്യം:‘‘അങ്ങയ്ക്കാരോഗ്യം നിലനിൽക്കുവാൻ
ഞാനല്ലയോ വീട്ടിനുള്ളിലനുഷ്ഠിച്ചൂ മഹാവ്രതം?
[9]നാപ്പേരുന്നില്ലെനിയ്ക്കോ,ടിപ്പോകുന്നു മൂകമാത്രകൾ;
രോമകൂപങ്ങളിൽക്കൂരമ്പെരിഞ്ഞു പിടയുന്നു ഞാൻ.
മുത്തുമാലയെടുത്തെന്റെ കയ്യിൽത്തന്നോതിനാളവൾ:
‘‘നരകിച്ചിടുമാഫ്രിക്കൻ ഭാരതീയർക്കുവേണ്ടി ഞാൻ
അർപ്പിയ്ക്കയാണിസ്സമ്പാദ്യം; കപ്പൽകേറാം നമുക്കിനി.’’

## പതിനേഴ്

ഭൂതകാലത്തിൻ വിനയം രണ്ടാമതുമുരയ്ക്കയാം
കാതുകൂർപ്പിച്ചിരിയ്ക്കുന്ന ഭാവിയോടു സകൗതുകം:
‘‘സേവനത്തെദ്ധനം കൊണ്ടു തുലനം ചെയ്ത ജീവിതം
മടുത്തവൻ തിരിച്ചെത്തീ പുണ്യഭാരതഭൂമിയിൽ.
തിരിച്ചുവന്നു സശ്രദ്ധം പഠിച്ചാനാർഷഭാരതം
ആർഷഭാരതമായ്ത്തീർന്നതാരുകാരണമെന്നവൻ.
ഋഷഭന്റെ മകൻ നാനാവിധ യജ്ഞം നിരന്തരം
ചെയ്കയാലജനാഭത്തിനുണ്ടായീ ഭാരതാഭിധ.
ഇന്ദ്രാദിദേവതകളെ യജ്ഞത്താൽ പ്രീതരാക്കവേ
ഭരതൻ കരളിൽക്കൃഷ്ണശിലയിൽക്കണ്ടു വിഗ്രഹം.
നാലുതൃക്കൈ ശംഖചക്രഗദാപദ്മങ്ങൾപൂണവേ
ശ്രീവത്സാങ്കിതവക്ഷസ്സിൽ കൗസ്തുഭം വനമാലയും!
ആ മുഖത്തെപ്രസാദത്താൽ പൂരിതാശയനാകയാൽ
ഭരിച്ചൂ ഭരതൻ കോടിവർഷമീയാർഷഭാരതം.
ഭരിയ്ക്കുന്നുണ്ടൊരാളെന്നു ധരിച്ചില്ലൊരു ജീവിയും
ധർമ്മൈകരതിയാൽ, ക്കർമ്മനിഷ്ഠയാൽ, സ്ഥിരഭക്തിയാൽ.’’

## പതിനെട്ട്

ഇടപെട്ടൂ ഭാവിയപ്പോൾ: ‘‘ആ മുഹൂർത്തത്തിലാ ക്ഷണം
ഭാരതാംബികതൻ കാൽക്കലർപ്പിച്ചൂ ഗാന്ധി ജീവിതം.
അവൻ വലത്തുകാൽ, പൊക്കിച്ചവുട്ടീടിന മാത്രയിൽ
സ്വാർത്ഥസാമ്രാജ്യഭൂഗോളം ഗൃദ്ധ്രത്തിൻ മുട്ടമാതിരി
ഉടഞ്ഞുപോയെന്ന *രാമകിങ്കരൻതൻ വിഭാവനം
ഇന്നുമെന്റെ മനസ്സിന്റെ പുണ്യശാന്തിനികേതനം.
കടലിൽപ്പോയുപ്പുവാരിക്കരുത്താർജ്ജിച്ച നമ്രത
അന്യോന്യം വാൾവീശി നിൽക്കുമിരുണ്ട നവഖാലിയിൽ

ഇറങ്ങിച്ചെന്നതോർക്കുമ്പോൾ ച്ചോദിപ്പൂ കണ്ഠമുൽസ്വരം:
നടന്നുവോ രണ്ടു കാലിലാ മഹാത്മാവു ഭൂമിയിൽ?
മൂന്നു കാലും നൊണ്ടിനൊണ്ടിയൊറ്റക്കാലിൽ നടക്കവേ
കലിധർമ്മപ്പശുവിനന്നകിട്ടിൽപ്പാലുറന്നുവോ?''

## പത്തൊമ്പത്

ഭൂതഭാവികൾതൻ ചർച്ചക്കിടയിൽപ്പെട്ട മൂകത

മൂളും സത്യം ചെവിക്കൊൾവൂ മുനിമാർതൻ മഹേച്ഛകൾ:

''അമ്പുകളെയ്യുന്നതേ പാപമാണെ,ന്നാൽ, ഒളി–
യമ്പുപോൽ ഒടുങ്ങാത്ത പാപമില്ലൊന്നും വേറെ!''

## ഇരുപത്

അവർതൻ മനനത്തിന്റെ താളം സ്പന്ദിപ്പു സൂര്യനിൽ,

മുഴുതിങ്കളിൽ, നക്ഷത്രമണ്ഡലത്തിലുമെന്നപോൽ,
ഭൂതങ്ങൾതൻ രസകണമാമിപ്പൃത്ഥ്വിയിലെന്നപോൽ,
പൃത്ഥ്വിതൻ രസമാമപ്പിൻ രസമാമൗഷധങ്ങളിൽ,
ഓഷധീരസമാം പൗരുഷത്തിൽ, തദ്രസമായ്സ്സദാ
മുഴങ്ങും വാക്കിന്റെ രസമായ് വിളങ്ങിടുമൃക്കിലും,
ഋക്കിൻ സാമരസത്തിങ്കൽ, അതിന്റെ രസമൂർച്ഛയായ്
നിലനിൽക്കുമനാദ്യന്തോദ്ഗീഥത്തിൻ വിലയത്തിലും*!
ധർമ്മസൂര്യ, ഭവാൻമാത്രം സത്യസൗന്ദര്യശക്തികൾ,
ഞാനില്ലാദ്യന്തങ്ങളില്ലീ സ്നേഹമോക്ഷഭ പ്രദീപ്തിയിൽ!
വടപത്രത്തിലെക്കാൽപ്പൂന്തേനീമ്പും ബ്രഹ്മസാരമേ,
നമസ്ക്കാരം, നമസ്ക്കാരം ആനന്ദമയകോശമേ!